**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5033** **20-07-2022 - ൽ മറുപടിയ്ക്ക്**

**സജ്ജം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിന്‍ | | ശ്രീ. കെ. രാജന്‍<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദുരന്ത നിവാരണ ലഘൂകരണ സാക്ഷരതയുടെ കീഴില്‍ ആസൂത്രണം ചെയ്ത സജ്ജം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ദുരന്ത ലഘൂകരണ സാക്ഷരതയുടെ ഭാഗമായി ആസൂത്രണം ചെയ്ത സജ്ജം പദ്ധതി 14-ാം പഞ്ച വല്‍സര പദ്ധതിയുടെ ഭാഗം ആക്കിയിട്ടുണ്ട്. ഓരോ കുടുംബവും ദുരന്ത പ്രതിരോധ ശേഷിയുള്ളവയാകണം എന്ന ലക്ഷ്യത്തില്‍ ആണ് സജ്ജം തയ്യാറാക്കിയിട്ടുള്ളത്. ഓരോ വീട്ടിലും ദുരന്ത ലഘൂകരണ സന്ദേശങ്ങളും, മാര്‍ഗ്ഗങ്ങളും സംബന്ധിച്ച സമഗ്രമായ സന്ദേശങ്ങള്‍ എത്തിക്കുകയും, കേരളത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളെ ദുരന്ത പ്രതിരോധ ശേഷി കൈവരിക്കുന്നതിന് സഹായിക്കുന്ന ദുരന്ത ലഘൂകരണ പരീക്ഷണശാലകളായി പ്രഖ്യാപിച്ച്, പദ്ധതികളും, നിരീക്ഷണ പരീക്ഷണ സംവിധാനങ്ങളും സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലൂടെ ആണ് ദുരന്ത നിവാരണ അതോറിറ്റി ഈ പദ്ധതി നടപ്പാക്കുവാന്‍ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷന്‍ ഓഫീസര്‍